മി. സ്പീക്കർ : മറുപടിയിൽ പുതിയതായി ഒന്നുമില്ല.

(ബഹളം) .....(ബഹളം) .....

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

II. ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

		ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000 - 2001				
ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	27-3-2000-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെതുക		
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXXVII	വ്യവസായങ്ങൾ	37,04,62,000	65,40,05,000	74,09,23,000	1,30,80,10,000	2,04,89,33,000

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, വ്യവസായങ്ങൾ എന്ന XXXVII –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ധനകാര്യ വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്-മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് വ്യവസായങ്ങൾ എന്ന XXXVII –ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. †

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : ചർച്ച ഇല്ല, മറുപടി ഇല്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : വ്യവസായങ്ങളെന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....പ്രതികൂലിക്കുന്നവർ .....

ധനാഭ്യർത്ഥന ഏസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ : ഓർഡർ .....ഓർഡർ ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 22-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി രാവിലെ 9.37ന് സഭ പിരിഞ്ഞു.)

അനുബന്ധം I

(21-6-2000-ത്തിലെ ചോദ്യം 2 (*62)-ന്റെ മറുപടി ദയവായി കാണുക.)

1. തീപ്പെട്ടി, പടക്കം, അഗർബത്തി, എന്നിവയുടെ നിർമ്മാണം
2. സോപ്പുനിർമ്മാണം
3. തുകൽ ഊറയിടുന്നതും ബന്ധപ്പെട്ട വ്യവസായങ്ങളും
4. തുകൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണം
5. കൈകൊണ്ടുണ്ടാക്കുന്ന പേപ്പർ
6. ശർക്കരയുടെയും പഞ്ചസാരയുടെയും നിർമ്മാണം
7. ചാണകത്തിൽ നിന്നു. മറ്റുമാലിന്യങ്ങളിൽനിന്നും ഉണ്ടാക്കുന്ന വളത്തിന്റേയും മീതെയിൽ ഗ്യാസിന്റേയും നിർമ്മാണം
8. കയറുൽപ്പന്നങ്ങളുടെ നിർമ്മാണം
9. ഷെലാക്ക് നിർമ്മാണം
10. പച്ചക്കറി, പഴം ഉൽപ്പന്നങ്ങളുടെ നിർമ്മാണം
11. മുളകൊണ്ടും ചൂരൽകൊണ്ടും ഉള്ള വസ്തുക്കളുടെ നിർമ്മാണം
12. ഫർണിച്ചർ ഒഴികെകൊല്ലപ്പണി കൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
13. ഫർണിച്ചർ ഒഴികെ ആശാരിപ്പണികൊണ്ടുണ്ടാക്കുന്ന വസ്തുക്കളുടെ നിർമ്മാണം
14. കയർ ഒഴികെ നാരുകൾ കൊണ്ടുള്ള വസ്തുക്കളുടെ നിർമ്മാണം
15. അലൂമിനിയം കൊണ്ടുള്ള വീട്ടുപകരണങ്ങളുടെ നിർമ്മാണം
16. ചോളം കൊണ്ടും റാഗികൊണ്ടുമുള്ള വസ്തുക്കളുടെ നിർമ്മാണം
17. റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം (റബ്ബർ ബാൻഡ്, ഗ്ലൗസ്, ബലൂൺ തുടങ്ങിയ ലാറ്റക്സ് ഉൽപ്പന്നങ്ങൾ)
18. പന ഉൽപ്പന്നങ്ങളുടെ നിർമ്മാണം
19. മൺപാത്ര നിർമ്മാണം
20. തേൻ ഉൽപ്പാദനം
21. ഗനി ഓയിൽ നിർമ്മാണം

അനുബന്ധം II

(21.06.2000 -ത്തിലെ ചോദ്യം 3(*63)-ന്റെ മറുപടി ദയവായി കാണുക.)

ശുപാർശകൾ

1. സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള എല്ലാ ഭക്ഷ്യവസ്തുക്കളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള കഴിവ് എന്ന അർത്ഥത്തിൽ കേരളത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

സബ്ജക്ട് കമ്മിറ്റി - IV

വ്യവസായങ്ങളും ധാതുക്കളും

2000-2001 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിൻമേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XXXVII - വ്യവസായങ്ങൾ

ക്രമ നമ്പർ	കമ്മിറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	3,5,6, 11 മുതൽ 18 വരെ 20 മുതൽ 22 വരെ 24, 25, 30, 33, 37, 38, 39, 41, 43	സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ 1 മുതൽ 44 വരെ ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ വിവിധ ആവശ്യങ്ങൾക്കായി മൊത്തം 12602.61 ലക്ഷം രൂപ കൂടി അധികമായി വ്യവസായമേഖലയ്ക്ക് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരിക്കുന്നു. (തുക വ്യക്തമാക്കാതെ വർദ്ധന ആവശ്യപ്പെട്ടവ ഇതിൽ കണക്കാക്കിയിട്ടില്ല). സംസ്ഥാനത്തിന് തന്നാണ്ടിൽ സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ വർഷത്തെ ചെലവുകൾ വഹിക്കുന്നതിനായി യുക്തമായ രീതിയിൽ ഓരോ പദ്ധതിക്കും ആവശ്യങ്ങൾക്കും തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റിൽ വിഭാവന ചെയ്തതിന് ഉപരിയായി 12602.61 ലക്ഷം രൂപ വ്യവസായ മേഖലയ്ക്ക് അധികമായി കണ്ടെത്താൻ സംസ്ഥാനത്തിന്റെ വിഭവശേഷി അനുവദിക്കുന്നില്ല. അത്യാവശ്യമുള്ള കേസ്സുകളിൽ ധനപുനർവിനിയോഗംവഴി അധിക തുക ലഭ്യമാക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

LIBRARY ARCHIVES Kerala Legislative Assembly